# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.196** **04.05.2017-ൽ മറുപടിയ്ക്ക്**

**വ്യാജ ഭാഗ്യക്കുറി കണ്ടെത്താൻ നടപടി**

| | ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വ്യാജ ഭാഗ്യക്കുറി കണ്ടെത്താൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, പോലീസ് വകുപ്പ്, വാണിജ്യ നികുതി വകുപ്പ് ജീവനക്കാരെ ഉൾപ്പെടുത്തി ജില്ലാതല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ടിക്കറ്റുകൾ സാങ്കേതിക പരിശോധന നടത്തി (ബാർകോഡ്, സീക്രട്ട്കോഡ് റീഡിംഗ്) യഥാർത്ഥമാണെന്ന് ബോധ്യം വന്നതിന് ശേഷം മാത്രമേ സമ്മാനവിതരണം നടത്തുകയുള്ളൂ. 10,000/- രൂപ മുതലുള്ള സമ്മാനങ്ങൾ കടക്കുറ്റിയുമായി ഒത്തുനോക്കിയും യാഥാർത്ഥ്യത ഉറപ്പുവരുത്തുന്നു. വ്യാജ സമ്മാന ടിക്കറ്റുകളുടെ ഉറവിടം കണ്ടെത്തുന്നതിനായി ഡി.ജി.പി ക്ക് പരാതി നൽകുകയും അത് സംബന്ധിച്ച് അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റുകൾ അച്ചടിക്കുന്ന പ്രസ്സുകളിലും സുരക്ഷ കർശനമാക്കുവാൻ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഒരേ സീരീസിൽ നൂറുകണക്കിന് നമ്പരുകൾ ഉള്ള വ്യാജ ഭാഗ്യക്കുറി ഉണ്ടാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഒരേ നമ്പരിലുള്ള സമ്മാന ടിക്കറ്റുകൾ തയ്യാറാക്കി ഏജന്റുമാരെയും വിൽപ്പന ക്കാരെയും കബളിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടക്കുറ്റിയുമായി ഒത്തുനോക്കാതെ സമ്മാനത്തുക അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ള 5,000/- രൂപ വരെ സമ്മാനാർഹമായ ടിക്കറ്റുകളാണ് വ്യാജമായി തയ്യാറാക്കി ഏജന്റുമാരെയും വിൽപ്പനക്കാരെയും കബളിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് ഡി.ജി.പി. ക്ക് പരാതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിനായി എല്ലാ ജില്ലകളിലും ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി./എ.സി.പി.-യെ |

| | | | |
|---|---|---|---|
| | | | നോഡൽ ഓഫീസർ ആയി അന്വേഷണ സംഘത്തെ നിയോഗിക്കാൻ 22-04-2017 ലെ D3/186147/PHQ/2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിലുള്ള വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് പാലക്കാട് സി.ബി.സി.ഐ.ഡി .-യും, ആലപ്പുഴ നോർത്ത് പോലീസ് സർക്കിൾ ഇൻസ്പെക്ടറും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| **(സി)** | ഇത്തരം പരാതികൾ റിപ്പോർട്ടുചെയ്യാലും അച്ചടിപിശക് എന്ന കാരണം പറഞ്ഞ് ഒഴിവാകുന്ന സമീപനം തിരുത്തി, ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | **(സി)** | വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി പോലീസിൽ പരാതി നൽകിയിട്ടുണ്ട്. പ്രസ്സിലെ പിഴവ് മൂലം അച്ചടിപ്പിശക്/ ഇരട്ടിപ്പ് വന്ന ടിക്കറ്റുകളുടെ സമ്മാനത്തുക അനുവദിച്ചു നൽകുകയും പ്രസ്തുത തുക പ്രസിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നു. അപാകതകൾ ഒഴിവാക്കുന്നതിനായി പ്രസ് അധികൃതർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ടിക്കറ്റുകളുടെ വിപണനം തടയുന്നതിന് വേണ്ടി ടിക്കറ്റുകളിൽ സുരക്ഷാസംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾക്കു പുറമേ Micro printing, opaque text, currency strips മുതലായ സുരക്ഷാമാർഗ്ഗങ്ങൾ കൂടി ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| **(ഡി)** | പൊതുജനങ്ങൾക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ ലോട്ടറി ടിക്കറ്റുകളിൽ മുദ്ര പതിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | **(ഡി)** | ഭാഗ്യക്കുറി ടിക്കറ്റിൽ, മുദ്രപതിപ്പിക്കുന്നതിനേക്കാളേറെ വ്യക്തതയുള്ള സുരക്ഷാക്രമീകരണങ്ങൾ ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും വ്യാജ ലോട്ടറികൾ തിരിച്ചറിയാൻ കഴിയുന്ന വിധത്തിലുള്ള സുരക്ഷാക്രമീകരണങ്ങൾ ടിക്കറ്റുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**